DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

17.05.2019

# കാർഷികമേഖലാവാർത്തകൾ

## കാർഷികസർവ്വകലാശാലയിലെ ഇൻസ്ട്രക്ഷണൽഫാമിൽ അക്വാപോണിക്സിന്റെ 3 ദിവസത്തെ പരിശീലനപരിപാടി

പച്ചക്കറി കൃഷിക്കൊപ്പം മീൻ വളർത്തൽ കൂടി സാധിക്കുന്ന അക്വാ പോണിക്സ് എന്ന കൃഷിരീതിയിൽ 3 ദിവസത്തെ പരിശീലനപരിപാടി 2019, ഈ മാസം 22 മുതൽ 24 വരെയുള്ള തിയ്യതികളിൽ, Hi-Tech Research and Training Unit Hall, ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കര യിൽ വെച്ച് നടത്തുന്നതാണ്. വിവിധതരം അക്വാപോണിക്സ് സിസ്റ്റം,-രൂപകൽപ്പനകൾ, പ്രവർത്തന-ഉപയോഗ-പരിപാലന രീതികൾ, ഇൻസ്റ്റലേ ഷൻ, രോഗകീടനിയന്ത്രണം, വിളകളുടെ പരിപാലനം, എന്നിവയെകു റിച്ച് വിദഗ്ദർ ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **7025498850** എന്ന നമ്പറിൽ **10** മണി മുതൽ വൈകിട്ട് **4.00** മണി വരെ ബന്ധപ്പെടുക.

## സെമിനാർ

ഇന്ത്യൻ ഡയറി അസ്സോസിയേഷൻ കേരള ഘടകവും മണ്ണൂത്തി കോളേജ് ഓഫ് ഡെയറി സയൻസ് ആന്റ് ടെക്നോളജിയുടെയും

ആഭിമുഖ്യത്തിൽ പാലും പാലുൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള നൂതന രീതികളെക്കുറിച്ചുള്ള സെമിനാർ ഈ മാസം 20 ന് VKIDFT മണ്ണൂത്തി കോളേജ് ഓഫ് ഡെയറി സയൻസ് ആന്റ് ടെക്നോളജിയുടെ സെമിനാർ ഹാളിൽ വച്ച് നടത്തുന്നു. ഈ സെമിനാറിൽ ഗവേഷകർക്കും സാങ്കേതിക വിദഗ്ദ്ധർക്കും സംരംഭകർക്കും ചർച്ചക്കുള്ള ഒരു പൊതുവേദി ഒരുങ്ങുന്നു. പാൽ ഉൽപന്നനിർമ്മാണ ഉപാധികൾ ചേരുവകൾ, ഗുണനിലവാരം എന്നിവ ഉറപ്പാക്കുന്നതിനുള്ള സാമഗ്രികളുടെയും ഉപകരണങ്ങളുടെയും പ്രദർശനവും ഉണ്ടായിരിക്കുന്നതാണ്.

## പരിശീലന പരിപാടി

കേരള കാർഷിക സർവകലാശാല മണ്ണൂത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ ഈ മാസം 21 ന് കൂൺകൃഷി എന്നവിഷയത്തിലും 24 ന് ആടുവളർത്തൽ എന്ന വിഷയത്തിലും പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 500 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 0487 – 2370773, 9074403449 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

## അറിയിപ്പ്

കുരിയോട്ടുമല ഗവ. ഹൈടെക് ഡയറി ഫാമിലെ ഉത്പാദനക്ഷമത കുറഞ്ഞതും ആദായകരമല്ലാത്തതുമായ 42 ആടുകളെ ഈ മാസം 21 ന് പകൽ 11 മണിയ്ക്ക് ഫാം പരിസരത്തുവെച്ച് പരസ്യമായി ലേലം

ചെയ്യുന്നതാണ്. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 2500/- രൂപ നിരതദ്രവ്യം കെട്ടി വെയ്ക്കേണ്ടതാണ്. ഏറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ ആളിന്റെ പേർക്ക് ലേലം അപ്പോൾത്തന്നെ ഉറപ്പിക്കുന്നതും ലേലം സ്ഥിരപ്പെടുത്തി ലഭിച്ച ആൾ ലേലത്തുക അപ്പോൾത്തന്നെ കെട്ടി വച്ച് രസീത് വാങ്ങേണ്ടതും ആടിനെ ഫാമിൽ നിന്ന് കൊണ്ടുപേകേണ്ടതുമാണ്. അതിനു വീഴ്ച വരുത്തിയാൽ അപ്പോൾതന്നെ പുനർലേലം നടത്തുന്നതും ടിയാന്റെ നിരതദ്രവ്യം സർക്കാരിലേയ്ക്ക് മുതൽക്കൂട്ടുന്നതും ആയിരിക്കും. ലേലം സ്ഥിരപ്പെടുത്തുവാനും നിരസിക്കുവാനും ഉള്ള അധികാരം ഫാം സൂപ്രണ്ടിൽ നിക്ഷിപത്മായിരിക്കും. സർക്കാർ ലേല സംബന്ധമായ എല്ലാ നിബന്ധനകളും ഈ ലേലത്തിനും ബാധകമാണെന്ന് കുരിയോട്ടുമല ഹൈടെക് ഡയറി ഫാമിലെ സൂപ്രണ്ട് അറിയിക്കുന്നു.

## റബ്ബറിന്റെ രോഗങ്ങൾക്കെതിരെ മരുന്നു തളിക്കുന്നതിൽ പരിശീലനം

റബ്ബറിനെ ബാധിക്കുന്ന രോങ്ങൾക്കെതിരെ സ്പ്രേയിങ് നടത്തുന്നതിലും സ്പ്രേയിങ് ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികളിലും റബ്ബർ ബോർഡ് പരിശീലനം നൽകുന്നു. ഈ മാസം 21 ന് കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചാണ് പരിശീലനം. ഫീസ് 500 രൂപ. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിനത്തിൽ 50 ശതമാനം ഇളവു ലഭിക്കും. കൂടാതെ, റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ്

ഹാജരാക്കിയാൽ ഫീസിൽ 25 ശതമാനം ഇളവും ലഭിക്കും. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 300 രൂപ അധികം നൽകണം. പരിശീലനഫീസ് ഡയറക്ടർ - ട്രെയിനിങ്, റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം - 686 009 എന്ന പേരിൽ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യയുടെ അക്കൗണ്ടിലേക്ക് അടയ്ക്കാം. പണമടച്ചതിന്റെ വിശദാംശങ്ങളും അപേക്ഷകന്റെ ഫോൺ നമ്പരും ഇമെയിലായി training@rubberboard.org.in-ലേക്ക് അയയ്ക്കേണ്ടതാണ്. അധിക വിവരങ്ങൾക്ക് ഫോൺ : 0481 2353127, 2351313